# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 680          01/12/2015-ൽ മറുപടിയ്ക്ക്

## ആദിവാസികൾക്ക് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായുള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി) | |
| (എ) | ആദിവാസികൾക്ക് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതികളും പരിശീലനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | ആദിവാസികൾക്ക് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കോർപ്പസ് ഫണ്ട്, എസ്.സി.എ ടു റ്റി.എസ്.പി., ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 275(1), പൂൾഡ് ഫണ്ട്, പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയം തൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം, എന്നീ ശീർഷകങ്ങളിൽ നിന്നും ഫണ്ട് ചെലവഴിച്ച് പരിശീലനവും പദ്ധതികളും നടപ്പിലാക്കി വരുന്നു.<br>ഇപ്രകാരം നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദമായ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇവർ ഉത്പാദിപ്പിക്കുന്ന ഉൽപന്നങ്ങൾ വിപണനം ചെയ്യുന്നതിന് ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്തെല്ലാമാണ് ; | (ബി) | പട്ടികവർഗ്ഗക്കാർ, സൊസൈറ്റി രൂപീകരിച്ചും കൂട്ടസംരംഭങ്ങൾ രൂപീകരിച്ചും വ്യക്തിപരമായും ഉൽപ്പാദിപ്പിക്കുന്ന ഉൽപന്നങ്ങൾ വിറ്റഴിക്കാൻ പൈതൃകോത്സവം എന്ന പേരിൽ 2 മേളകൾ സംസ്ഥാനത്ത് 2 ജില്ലകളിലായി സംഘടിപ്പിച്ചു വരുന്നു. പൈതൃകോത്സവത്തിൽ പങ്കെടുത്തവർക്ക് 500/- രൂപാ നിരക്കിൽ ദിനബത്തയും, ഭക്ഷണവും ഇവരുടെ ഉൽപ്പന്നങ്ങൾ മേള സ്ഥലത്ത് എത്തിക്കുന്നതിന് ട്രാൻസ്പോർട്ടേഷൻ ചാർജ്ജും നല്കി വരുന്നു. കൂടാതെ ഇവരുടെ ഉൽപ്പന്നങ്ങൾ |

| | | | |
|---|---|---|---|
| | | | വകുപ്പ് നേരിട്ട് ശേഖരിച്ച് ട്രേയ്ഡ് ഫെയറിൽ വിറ്റഴിക്കുകയും തുക ടി സംഘങ്ങൾക്ക് കൈമാറുകയും ചെയ്തു വരുന്നു. |
| (സി) | ആധുനിക സാങ്കേതിക വിദ്യ ഇവർക്ക് ലഭ്യമാക്കുന്നതിനും നൂതന കൃഷി രീതികൾ പരിചയപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ? | (സി) | ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പട്ടിക വർഗ്ഗക്കാർക്ക് തൊഴിലവസരങ്ങൾ യഥാസമയം അറിയുന്നതിനും വിവരസാങ്കേതികവിദ്യ അടിസ്ഥാന മാക്കിയുള്ള പുതിയ സേവനങ്ങളായ റേഷൻ കാർഡ് അപേക്ഷ നല്കൽ, പാസ്പോർട്ട് അപേക്ഷ നല്കൽ ജാതി, വരുമാനം മുതലായ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കൽ, വില്ലേജ് ഓഫീസുമായി ബന്ധപ്പെട്ട ഇ-ഗ്രാന്റ്സ് സംബന്ധിച്ച സേവനങ്ങൾ, എസ്.എസ്.എൽ.സി, +2 റിസൽട്ടുകൾ തുടങ്ങി പട്ടികവർഗ്ഗമേഖലയിൽ ലഭ്യമല്ലാത്ത സേവനങ്ങൾ നല്കുന്നതിനും വിവര സാങ്കേതിക വിദ്യയിൽ പരിജ്ഞാനം കുറവുള്ളവരുമായ പട്ടികവർഗ്ഗക്കാർക്ക് സഹായം നല്കുന്നതിനുമായി വിവിധ ജില്ലകളിൽ സഹായി സെന്ററുകൾ രൂപീകരിച്ചിട്ടുണ്ട്.<br>ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് നൂതനകൃഷി രീതികൾ പരിചയപ്പെടുത്തുന്നതിനുമായി കൃഷി വകുപ്പുമായി ബന്ധപ്പെട്ട് പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2013-14-ൽ അട്ടപ്പാടി മേഖല കളിൽ കാർഷിക വികസനപദ്ധതി നടപ്പിലാക്കു ന്നതിനായി 308 ലക്ഷം രൂപ കൃഷി വകുപ്പിന് അനുവദിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. 2013-14 സാമ്പത്തിക വർഷം 500 യുവതികൾക്ക് ഓട്ടോറിക്ഷ ഓടിക്കാനുള്ള പരിശീലനം നൽകുന്നതിനും ഓട്ടോറിക്ഷ നൽകുന്നതിനുമായി 6,82,25000/- രൂപ വകയിരുത്തിയതിൽ 6,74,64,460/- രൂപ ചെലവഴിച്ചിട്ടുണ്ട്.

2. പട്ടികവർഗ്ഗക്കാർക്ക് സ്വയം തൊഴിൽ പദ്ധതി വഴി പെട്ടിക്കടകൾ, ഫോട്ടോസ്റ്റാറ്റ് മെഷീൻ, റബ്ബർറോളർ,ടെയ്‌ലറിംഗ് യൂണിറ്റ്,പശുവളർത്തൽ, ആടുവളർത്തൽ, കോഴിവളർത്തൽ, തുടങ്ങിയ ജീവനോപാധി പ്രവർത്തനങ്ങൾക്ക് 2013-14-ൽ ആർട്ടിക്കിൾ 275(1) ഉൾപ്പെടുത്തി 590 ഗുണഭോക്താക്കൾക്ക് 311.03 ലക്ഷം രൂപ ചെലവഴിച്ചിരുന്നു. കൂടാതെ SCA to TSP പദ്ധതിയിലും ഉൾപ്പെടുത്തി ക്ലസ്റ്റർ അടിസ്ഥാനത്തിൽ വർഷം തോറും 5000 ഓളം ഗുണഭോക്താക്കൾക്ക് മോട്ടോർ ഡ്രൈവിംഗ് പരിശീലനം വിവിധ മത്സര പരീക്ഷകൾക്ക് പരിശീലനം എന്നിവ അടക്കമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

3. നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ മുഖേന 2013-14ൽ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് നൈപുണ്യവികസന പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ സെന്ററുകളിൽ 100 വിദ്യാർത്ഥികൾക്ക് 3 വർഷത്തെ ഡിപ്ലോമ കോഴ്സ് നടത്തുന്നതിനായി 218.73 ലക്ഷം രൂപ 2 വർഷത്തെ ഫീസായി അനുവദിച്ചിട്ടുണ്ട് 2014-15 ൽ 307 വിദ്യാർത്ഥികളെ ഉൾപ്പെടുത്തി വിവിധ സെന്ററുകളിൽ 3 വർഷത്തെ ഡിപ്ലോമ കോഴ്സ് നടത്തുന്നതിനായി 375 ലക്ഷം രൂപ ആദ്യ വർഷത്തെ ഫീസായി അനുവദിച്ചിട്ടുണ്ട്. കൂടാതെ 251 വിദ്യാർത്ഥികളെ നവംബർ മാസത്തിലും (ഒന്നും രണ്ടും വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സിനും) 120 വിദ്യാർത്ഥികളെ മാർച്ച് മാസത്തിലും (ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സിന്) തെരഞ്ഞെ ടുക്കുകയും ടി വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി വരുകയും ചെയ്യുന്നു. പരിശീലനം പൂർത്തിയാകുന്ന മുറക്ക് ശേഷിക്കുന്ന തുക നടപ്പു സാമ്പത്തിക വർഷം അനുവദിക്കുന്നതാണ്.
2013-14 മുതൽ നാളിതുവരെ 778 വിദ്യാർത്ഥികളെ പരിശീലനത്തിനായി തെരഞ്ഞെടുത്തതിൽ നിലവിൽ പരിശീലനം തുടർന്നു വരുന്ന 619 വിദ്യാർത്ഥികൾക്ക് 593.73 ലക്ഷം രൂപ ചെലവഴിച്ച് വിവിധ ഘട്ടങ്ങളായി പരിശീലനം നല്കി വരുന്നു.

4. കെൽട്രോൺ മുഖേന 2012-13-ൽ 371 വിദ്യാർത്ഥികൾക്ക് വിവിധ വിവര സാങ്കേതിക വിദ്യ ഉൾപ്പടെയുള്ള പരിശീലനങ്ങൾക്കായി 106.16 ലക്ഷം രൂപ അനുവദിച്ചിരുന്നു. 2015-16ൽ 40 വിദ്യാർത്ഥികൾക്കായി 37.46 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

5. 2013-14 സാമ്പത്തിക വർഷം 100 പട്ടികവർഗ്ഗക്കാർക്ക് 2 മാസത്തെ ഫുഡ് പ്രോസസ്സിംഗ് ആന്റ് ബിവറേജ് കോഴ്സിനായി 1,27,486/- രൂപ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് കോവളത്തിന് അനുവദിച്ചിരുന്നു.2014-15-ൽ 60 വിദ്യാർത്ഥികൾക്കായി 12.65 ലക്ഷം രൂപ അനുവദിച്ചിരുന്നു.

6. കിൻഫ്രയുടെ അപ്പാരൽ ട്രൈനിംഗ് സെന്ററിൽ വെച്ച് തുന്നൽ പരിശീലനം, ഫാഷൻ ഡിസൈനിംഗ് എന്നിവയിൽ പരിശീലനം നൽകുന്നതിനായി 2013-14-ൽ 140 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഫസ്റ്റ് ഇൻസ്റ്റാൾമെന്റായി 22 ലക്ഷം രൂപ അനുവദിച്ചിരുന്നു.

7. 2014-15 വർഷത്തിൽ ഗവൺമെന്റ് ആയുർവേദ കോളേജിൽ വച്ച് 30 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ആയുർവേദ തെറാപ്പിക് കോഴ്സിനായി 24.53 ലക്ഷം രൂപ ഗവൺമെന്റ് ആയുർവേദ കോളേജിന് അനുവദിച്ചിരുന്നു.

8. 2014-15 വർഷത്തിൽ സംസ്ഥാനത്തെ ഗവൺമെന്റ് പോളിടെക്നിക്കുകളിൽ വച്ച് '38 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കെജിടിഇ പരിശീലനം നൽകുന്നതിനായി 40.04 ലക്ഷം രൂപ അനുവദിച്ചിരുന്നു.

9. 2014-15 വർഷം കാസറഗോഡ് ജില്ലയിലെ 30 പട്ടികവർഗ്ഗ യുവാക്കൾക്ക് ആർമിയിലേക്കുള്ള റിക്രൂട്ട്മെന്റിന് പ്രിറിക്രൂട്ട്മെന്റ് പരിശീലനം നൽകുന്നതിനായി 1.38 ലക്ഷം രൂപ ഡിസ്ട്രിക്ട് സൈനിക് വെൽഫെയർ ഓഫീസർ കാസറഗോഡിന് അനുവദിച്ചിരുന്നു.

സെക്ഷൻ ഓഫീസർ